LIBRARY ARCHIVES Kerala Legislative Assembly

കെപ്കോ മാതൃകയിൽ ആട്ടിറച്ചി, പോത്തിറച്ചി തുടങ്ങിയവ വിതരണം ചെയ്യുവാൻ നടപടി

145(1402) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നല്ലയിനം കോഴിയിറച്ചി നന്നായി സംസ്കരിച്ചു വിതരണം ചെയ്യുന്ന കെപ്കോ മാതൃകയിൽ ഇതര മാംസ വിഭവങ്ങളായ ആട്ടിറച്ചി, പോത്തിറച്ചി, ബീഫ് തുടങ്ങിയവയും സംസ്ഥാനത്ത് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

കെപ്കോയിൽ കോഴിയിറച്ചി നന്നായി സംസ്കരിച്ച് വിതരണം ചെയ്യുന്നതു പോലെ കോഴിയിറച്ചിയോടൊപ്പം ഇതര മാംസ വിഭാഗങ്ങളായ ആട്, പോത്ത്, കാള, പന്നി, മുയൽ, കാട, ടർക്കി എന്നിവയുടെ ഇറച്ചിയും ഇവ ഉപയോഗിച്ചുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളും മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ഗുണമേൻമയോടെ വിതരണം നടത്തുന്നുണ്ട്.

കനകക്കുന്ന് കൊട്ടാരവളപ്പിൽ സംഘടിപ്പിച്ച ദേശീയ കന്നുകാലി-പക്ഷി പ്രദർശനവും ഭക്ഷ്യമേളയും

146(1403) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010 ജൂലൈ 23 മുതൽ 27 വരെ തലസ്ഥാനനഗരിയിലെ കനകക്കുന്ന് കൊട്ടാരവളപ്പിൽ സംഘടിപ്പിച്ച ദേശീയ കന്നുകാലി-പക്ഷി പ്രദർശനത്തിന്റേയും ഭക്ഷ്യമേളയുടേയും പ്രവേശനഫീസിനത്തിൽ എത്ര തുക പിരിഞ്ഞുകിട്ടിയെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുതമേളയുടെ പൂർണ്ണവരവുചെലവ് കണക്കുകൾ ഇനംതിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത മേളയ്ക്ക് തിരുവനന്തപുരം കോർപ്പറേഷൻ നികുതിയിളവ് അനുവദിച്ചിട്ടുണ്ടോ, എങ്കിൽ വിശദാംശം ലഭ്യമാക്കുമോ :

(ഡി) പ്രസ്തുത മേളയ്ക്ക് എന്തെല്ലാം ഇളവുകളും സഹായങ്ങളും എവിടെ നിന്നെല്ലാം ലഭ്യമായി എന്നതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 2018 ജൂലൈ 23 മുതൽ 27 വരെ തലസ്ഥാനനഗരിയിലെ കനകക്കുന്ന് കൊട്ടാരവളപ്പിൽ സംഘടിപ്പിച്ച ദേശീയ കന്നുകാലി-പക്ഷി പ്രദർശനത്തിന്റെയും ഭക്ഷ്യമേളയുടെയും പ്രവേശന ഫീസ് ഇനത്തിൽ ആകെ 14,72,935 രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ട്.

(ബി) പ്രസ്തുത മേളയ്ക്ക് ആകെ 1,26,91,935 രൂപ വരവായി ലഭിക്കുകയും 1,19,78,137 രൂപ ചെലവാക്കുകയും ചെയ്തിട്ടുണ്ട്. ഇവയുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഉണ്ട്. പ്രസ്തുത മേളയ്ക്ക് തിരുവനന്തപുരം കോർപ്പറേഷൻ വിനോദ നികുതിയിൽ ഇളവ് അനുവദിച്ചിട്ടുണ്ട്.

(ഡി) തിരുവനന്തപുരം കോർപ്പറേഷൻ വിനോദ നികുതി ഇളവ് ചെയ്തു. ഒട്ടുമിക്ക സർക്കാർ വകുപ്പുകളും മേളയിൽ പങ്കാളികളായി സഹായിച്ചിട്ടുണ്ട്. പോലീസ്, ഫയർഫോഴ്സ്, ജല അതോറിറ്റി, ടൂറിസം, പബ്ലിക്ക് റിലേഷൻസ്, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ സർക്കാർ ഏജൻസികളുടെ സേവന സഹായവും ലഭിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ മൃഗാശുപത്രികൾ

147(1404) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര മൃഗാശുപത്രികൾ പ്രവർത്തിക്കുന്നുണ്ടെന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) ഇവിടെ എത്ര ഡോക്ടർമാർ പ്രവർത്തിക്കുന്നുണ്ടെന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ആശുപത്രികൾ സ്ഥാപിച്ചിട്ടുണ്ടോ ; എങ്കിൽ എത്രയെണ്ണം ; എവിടെയെല്ലാം എന്ന് വ്യക്തമാക്കാമോ ;

(ഡി) പുതുതായി ആശുപത്രി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഡോക്ടർമാരുടെ എത്ര തസ്തികകളാണ് സംസ്ഥാനത്ത് നിലവിലുള്ളതെന്നും. അവയിൽ എത്ര ഒഴിവുകളാണ് നികത്താനുള്ളതെന്നും ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ ;

(ഇ) പ്രസ്തുത ഒഴിവുകൾ എത്രയും വേഗം നികത്താൻ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly